**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ: * 221**

**19.12.2012 ൽ മറുപടിയ്ക്ക്**

## സീ-പ്ലെയിൻ സർവ്വീസ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>,, പി. ശ്രീരാമകൃഷ്ണൻ<br>,, കെ. സുരേഷ് കുറുപ്പ്<br>,, സാജു പോൾ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സീ-പ്ലെയിൻ പദ്ധതി നടപ്പിലാക്കാനുള്ള നോഡൽ ഏജൻസിയായി ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) സീപ്ലെയിൻ പദ്ധതി നടപ്പിലാക്കാനുള്ള നോഡൽ ഏജൻസി ആയി കേരള ടൂറിസം വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പാരിസ്ഥിതിക ആഘാതപഠനം നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് വെളിപ്പെടുത്തുമോ; | (ബി) ഇല്ല. ഇന്ത്യാ ഗവൺമെന്റിന്റെ നിലവിലുള്ള നോട്ടിഫിക്കേഷൻ പ്രകാരം സ്ഥിരമോ അർദ്ധസ്ഥിരമോ ആയുള്ള നിർമ്മിതികൾ ഉൾപ്പെടാത്തവയ്ക്ക് പരിസ്ഥിതി ആഘാത പഠനവും അനുമതിയും ആവശ്യമില്ല എന്ന ശുപാർശ സംസ്ഥാന പരിസ്ഥിതി വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. സീപ്ലെയിൻ പദ്ധതിയിൽ ടെർമിനൽ ബിൽഡിംഗിനു പകരം ഹൗസ് ബോട്ട് ഉപയോഗിക്കുന്നതിനാൽ പ്രത്യേകമായി നിർമ്മിതികൾ ഒന്നുമില്ലാത്തതു കാരണം പാരിസ്ഥിതിക ആഘാത പഠനം മേൽപ്പറഞ്ഞ നിയമപ്രകാരം ആവശ്യമില്ല. |

(സി) എന്തെല്ലാം തലത്തിലുള്ള അനുമതികൾ ഇതിന് ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ; എന്തെല്ലാം അനുമതികൾ ഇതിനകം ലഭിക്കുകയുണ്ടായി എന്ന് അറിയിക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജലാശയങ്ങൾ ഉപയോഗിക്കുന്നതിനുള്ള അനുമതി സംസ്ഥാന ജലസേചന വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ പദ്ധതി സംബന്ധിച്ച് ആവശ്യമായ അനുമതികൾക്കായി ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട്; വ്യവസായം, വനം, ആഭ്യന്തരം, റവന്യു, ധനകാര്യം, പരിസ്ഥിതി, ജലവിഭവം, തദ്ദേശ സ്വയംഭരണം, വൈദ്യുതി, തുറമുഖം, ഗതാഗതം എന്നീ വകുപ്പുകൾക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പരിസ്ഥിതി, ഗതാഗതം, ജലവിഭവം എന്നീ വകുപ്പുകളിൽ നിന്നുള്ള അനുമതി ഇതിനോടകം ലഭിച്ചിട്ടുണ്ട്. ഇവ കൂടാതെ കേന്ദ്ര സർക്കാർ തലത്തിൽ സിവിൽ വ്യോമയാന മന്ത്രാലയത്തിന്റെയും ഇതിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (DGCA), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (BCAS) മുതലായവയുടെ അനുമതിയും ആവശ്യമാണ്. കൂടാതെ ആഭ്യന്തര മന്ത്രാലയം, പ്രതിരോധ മന്ത്രാലയം, വാർത്താവിനിമയ മന്ത്രാലയം മുതലായവയുടെ അന്തിമാനുമതിയോടു കൂടി ആയിരിക്കും കടൽ വിമാന പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുക. പദ്ധതി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക്

ആവശ്യമായ എല്ലാ അനുമതികളും ലഭ്യമാകുന്ന രീതിയിൽ ആണ് നടപടികൾ പുരോഗമിച്ചു വരുന്നത്.

(ഡി) സർവ്വീസ് നടത്തുന്നതിനായി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ; അതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് സീ-പ്ലെയിൻ സർവ്വീസ് നടത്താൻ അനുമതി നൽകിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(ഡി) കടൽ വിമാന പദ്ധതിയുടെ പ്രവർത്തനങ്ങൾ "ഓപ്പൺ സ്കൈ നയത്തിന്റെ" അടിസ്ഥാനത്തിലായിരിക്കും നടത്തുക. ഇതുപ്രകാരം, "നോൺ ഷെഡ്യൂൾഡ് ഓപ്പറേറ്റേഴ്സ് പെർമിറ്റ് (NSOP)" ഉൾപ്പെടെയുള്ള ആവശ്യമായ പെർമിറ്റുകളുള്ള കടൽ വിമാനങ്ങൾക്ക് ഇത്തരം സർവ്വീസ് നടത്താവുന്നതാണ്. ഇതിനുള്ള അനുമതി സംബന്ധിച്ച കാര്യങ്ങൾ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷ (DGCA) - ന്റെ അധികാര പരിധിയിൽ വരുന്നതാണ്. ഇതിനു വിധേയമായി ഒരു രജിസ്ട്രേഷൻ മാത്രമേ സംസ്ഥാന സർക്കാർ തലത്തിൽ നടത്തുന്നുള്ളു.

സെക്ഷൻ ഓഫീസർ